"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. WM3/22/2025-LSGD-Part(1)
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-07-2025

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനുള്ള സ്മാർട് ഗാർബേജ് മോണിറ്ററിങ് അപ്ലിക്കേഷന്റെ പുതിയ വേർഷൻ 'ഹരിതമിത്രം - 2.0' നടപ്പാക്കുന്നതിനുള്ള പരിശീലനവും മുന്നൊരുക്കങ്ങളും സംബന്ധിച്ച്

**********************

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാലിന്യസംസ്കരണം സുഗമമായി നടപ്പാക്കുന്നതിന് ഉപയോഗിച്ചുവരുന്ന സ്മാർട് ഗാർബേജ് മോണിറ്ററിങ് അപ്ലിക്കേഷന്റെ പുതിയ വേർഷൻ - 'ഹരിതമിത്രം 2.0' യുടെ വികസനം അവസാന ഘട്ടത്തിലാണ്. അപ്ലിക്കേഷന്റെ പൈലറ്റ് റൺ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജയകരമായി പൂർത്തിയായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, **ആഗസ്റ്റ് 1, 2025** മുതൽ 'ഹരിതമിത്രം 2.0' സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (സ്വകാര്യ അപ്ലിക്കേഷനുകൾ ഉപയോഗിച്ച് വരുന്ന 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒഴികെ) നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.

ഹരിതമിത്രം 2.0 സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിന് മുന്നോടിയായി ആപ്പ് സംബന്ധിച്ച പരിശീലനവും ഫീൽഡ് തല ക്രമീകരണങ്ങളും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ശുചിത്വ മിഷൻ നോഡൽ ഏജൻസി ആയി തയ്യാറാക്കുന്ന 'ഹരിതമിത്രം 2.0', കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇൻഫർമേഷൻ കേരള മിഷന്റേ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപ്പിലാക്കുന്നതാണ്. ഇതിലേക്കായി ജില്ലാ തല ഉദ്യോഗസ്ഥർക്കും ഹരിത കർമ്മ സേനാംഗങ്ങൾക്കും പുതിയ ആപ്ലിക്കേഷൻ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകേണ്ടതും, ആയതിനു ചുവടെ പറയുന്ന കാലപരിധി പാലിക്കേണ്ടതുമാണ്:

1. 2025 ജൂലൈ 7, 8 തീയതികളിൽ ഹരിതമിത്രം 2.0 മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം ഗ്രാമീണ പഠന കേന്ദ്രം തിരുവനന്തപുരം, കില തൃശ്ശൂർ എന്നിവിടങ്ങളിൽ വെച്ച് നടത്തുന്നതിനുള്ള ക്രമീകരണം ശുചിത്വ മിഷനും ഐ.കെ.എമ്മും ചേർന്ന് സ്വീകരിക്കേണ്ടതാണ്.

2. 2025 ജൂലൈ 7 മുതൽ 11 വരെയുള്ള തീയ്യതികൾക്കുള്ളിൽ 14 ജില്ലകളിലും ജില്ലാ തല പരിശീലനം പൂർത്തിയാക്കേണ്ടതാണ്. ജില്ലാ തലത്തിലെ ഏകദിന പരിശീലന പരിപാടിക്ക് ജോയിന്റ് ഡയറക്ടർമാർ നേതൃത്വം വഹിക്കേണ്ടതും, ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർമാർ, ശുചിത്വ മിഷൻ ആർ.പി/ വൈ.പി-മാർ, ടെക്നിക്കൽ അസ്സിസ്റ്റന്റുമാർ, കെ.എസ്.ഡബ്ല്യൂ.എം.പി ജില്ലാ ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിക്കേണ്ടതുമാണ്.

3. തുടർന്ന് 2025 ജൂലൈ 20 നകം തദ്ദേശ സ്ഥാപന തലത്തിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പരിശീലനം ഏകോപിപ്പിക്കുന്നതിന് അതത് തദ്ദേശ സ്ഥാപനം വോളണ്ടീയർമാരെ തിരഞ്ഞെടുക്കേണ്ടതാണ് (ഗ്രാമ പഞ്ചായത്തുകളിൽ 5, നഗരസഭകളിൽ 10, കോർപ്പറേഷനുകളിൽ – 4 വാർഡിന് ഒരാൾ എന്ന തോതിൽ). തദ്ദേശ സ്ഥാപന തല പരിശീലനങ്ങൾ നിർബന്ധമായും ജൂലൈ 20-നകം പൂർത്തിയാക്കേണ്ടതാണ്.

4. മേൽപ്രകാരമുള്ള പരിശീലനങ്ങൾ സംബന്ധിച്ച ചെലവിന്റെ എസ്റ്റിമേറ്റ് ഐ.കെ.എം ശുചിത്വ മിഷന് ലഭ്യമാക്കേണ്ടതും, ആയത് പ്രകാരമുള്ള തുക ഉചിതമായ ശീർഷകത്തിൽ നിന്നും ശുചിത്വ മിഷൻ വഹിക്കേണ്ടതുമാണ്.

മേൽപ്രകാരമുള്ള പരിശീലന പരിപാടികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനും, ആഗസ്റ്റ് 1, 2025 നകം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൂർണ്ണമായും ഹരിതമിത്രം 2.0 ലേക്ക് മാറുന്നുവെന്ന് ഉറപ്പാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ ജനറൽ, കില
ഡബ്ല്യൂ.എം സെക്രട്ടേറിയറ്റ്
ഡയറക്ടർ I&PRD(വെബ് & മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Manish V V

Date: 02-07-2025 11:23:01

സെക്ഷൻ ഓഫീസർ.

പകർപ്പ്:-തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ ക്ക്